# കാസറഗോഡ് ജില്ലാ കളക്റ്ററുടെ നടപടിക്രമം

(ഹാജർ: ജീവൻ ബാബു.കെ ഐ.എ.എസ്)

വിഷയം:- പൊതു വിതരണം-എൽ.പി.ജി സിലിണ്ടറുകളുടെ കടത്തുകൂലി പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഹരജി- ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന:- ശ്രീ.കെ.കെ. നാരായണൻ, പ്രസിഡണ്ട്, എൽ.പി.ജി ഡിസ്ട്രിബ്യൂഷൻ അസോസിയേഷൻ കാസറഗോഡിന്റെ 03.06.16-ലെ ഹരജി.

.......

സംസ്ഥാനത്ത് കഴിഞ്ഞ 4 വർഷങ്ങളിലുണ്ടായ ഇന്ധന വില വർദ്ധനവിന്റെയും കൂലി വർദ്ധനവിന്റെയും അടിസ്ഥാനത്തിൽ ജില്ലയിലെ ഉപഭോക്താക്കൾക്ക് പാചക വാതക സിലിണ്ടറുകൾ എത്തിക്കാനുള്ള കടത്തുകൂലി വർധനവ് ആവശ്യപ്പെട്ടുകൊണ്ട് എൽ.പി.ജി ഡിസ്ട്രിബ്യൂഷൻ അസോസിയേഷൻ പ്രസിഡണ്ട് സൂചന പ്രകാരം ഹരജി സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ ഏറ്റവും ഒടുവിലായി പാചക വാതക സിലിണ്ടറുകളുടെ കടത്തുകൂലി വർദ്ധിപ്പിച്ച് നൽകിയത് 01.12.13-ൽ ആയിരുന്നു. അതിനുശേഷം ഇന്ധന വില വർദ്ധനവിലും കൂലിയിനത്തിലും ഭീമമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതുമാണ്. 3 വർഷം കൂടുമ്പോൾ കടത്തുകൂലി പുന:പരിശോധിക്കണമെന്ന തീരുമാനം ഉള്ളതുമാണ്.

മേൽ സാഹചര്യത്തിൽ സൂചന പ്രകാരമുള്ള ഹരജി പരിഗണിച്ച് ജില്ലയിലെ വിവിധ പാചക വാതക വിതരണ ഏജൻസികളിൽനിന്നും വിതരണം നടത്തുന്ന സിലിണ്ടറുകളുടെ കടത്തുകൂലി താഴെപ്പറയും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ദൂരം | നിലവിലുള്ളത് | പുതുക്കിയ നിരക്ക് |
|---|---|---|
| 5 k.m. | സൗജന്യം | സൗജന്യം |
| 5-10 k.m. | Rs.15/ | Rs.20/ |
| 10-15 k.m | Rs.20/ | Rs.25/ |
| 15 k.m -ന് മുകളിൽ | 20/- രൂപ കൂടാതെ തുടർന്ന് വരുന്ന ഓരോ കിലോമീറ്ററിനും 1.75 രൂപ നിരക്കിൽ പരാവധി 50/- രൂപ | 25/- രൂപ കൂടാതെ തുടർന്ന് വരുന്ന ഓരോ കിലോമീറ്ററിനും 2/- രൂപ നിരക്കിൽ പരമാവധി 50/- രൂപ |

പാചക വാതക വിതരണ ഏജൻസികൾക്ക് സിലിണ്ടറിന്റെ വിലയ്ക്ക് പുറമേ ബില്ലിംഗ് പോയിന്റിൽ നിന്നും നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഈടാക്കേണ്ടതും അല്ലാതെയുള്ള യാതൊരുവിധ അമിത ചാർജ്ജുകളും ഈടാക്കാൻ പാടില്ലാത്തതുമാണ്.

ജില്ലയിലെ പാചക വാതക ഏജൻസികൾ പുതുക്കിയനിരക്കിലുള്ള കടത്തുകൂലി 04.03.17 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതും ഉപഭോക്താക്കൾക്ക് യാതൊരുവിധ പരാതിക്കും ഇട വരുത്താതെ സിലിണ്ടറുകൾ യഥാസമയം പുതുക്കി നിശ്ചയിച്ചു നൽകിയ നിരക്കിൽ വിതരണം നടത്തേണ്ടതുമാണ്.

(ഒപ്പ്)
ജില്ലാ കളക്റ്റർ

സ്വീകർത്താവ്: പ്രോപ്രൈറ്റർ,
എല്ലാ ഗ്യാസ് ഏജൻസികളും

പകർപ്പ്:-1) എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാരും
2) ജില്ലാ ലേബർ ഓഫീസർ, കാസറഗോഡ്
3) സി.എ., ജില്ലാ കളക്റ്റർ
4) സി.എ, എ.ഡി.എം
5) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, കാസറഗോഡ്.
6) ഉപഭോക്തൃ ഫോറം പ്രതിനിധികൾ
7) ജില്ലാ ഇൻഫർമേഷൻ ഓഫീസർ -അനന്തര നടപടികൾക്കായി
8) എല്ലാ ഓയിൽ കമ്പനി സെയിൽസ് ഓഫീസർമാരും
9) കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//
(ഒപ്പ്)

ജില്ലാ സപ്ലൈ ഓഫീസർ